തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 154/ബി2/2020/അഡ്മിൻ Vol.II

തീയ്യതി : 08.05.2024

# ദർഘാസ് പരസ്യം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ഹോസ്റ്റൽ വിദ്യാർത്ഥികളുടെ യാത്രാ ആവശ്യങ്ങൾക്ക് **ചുരുങ്ങിയത് 43 സീറ്റുകളോടു കൂടിയ ബസ് (1 എണ്ണം)** കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നതിന് 2015 വർഷം മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങളുടെ ഉടമകൾ/ട്രാവൽ ഏജൻസികൾ എന്നിവരിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി കരാർ ഉടമ്പടി തീയ്യതി മുതൽ 11 മാസക്കാലത്തേക്കോ, അല്ലെങ്കിൽ 11 മാസം പൂർത്തീകരിക്കുന്നതിന് മുമ്പ് സർവ്വകലാശാല സ്വന്തമായി ബസ് വാങ്ങുന്നത് വരെയോ ആയിരിക്കും.

ബസുകൾ കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നതിന് കിലോമീറ്ററിനുള്ള നിരക്ക് കാണിച്ചുകൊണ്ട്, സീൽ ചെയ്ത ദർഘാസുകൾ **22.05.2024 ന് 2 മണിക്ക്** മുമ്പായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല, വാക്കാട് (പി.ഒ.), തിരൂർ - 676 502 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

നിരതദ്രവ്യമായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരൂർ ടൗൺ ബ്രാഞ്ചിൽ മാറാവുന്ന 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷയും നിരതദ്രവ്യവും സമർപ്പിക്കേണ്ടതാണ്.

വാഹനങ്ങളുടെ ദർഘാസിനൊപ്പം അവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആർ.സി. ബുക്ക്, ഇൻഷൂറൻസ് പോളിസി സർട്ടിഫിക്കറ്റ്, നികുതി അടച്ച രശീതി, പുക പരിശോധന സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപകർപ്പുകൾ സമർപ്പിക്കണം. ഇവ ഉൾക്കൊള്ളിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും.

ദർഘാസുകൾ **22.05.2023 ന് 3 മണിക്ക്** തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ ക്വാട്ടു ചെയ്ത ഉടമ/ഏജൻസിക്ക് ദർഘാസ് അനുവദിക്കുന്നതുമായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്ത മാണ്.

കരാർ ലഭിക്കുന്ന ഉടമ/ഏജൻസി സർവകലാശാലയുമായി മുദ്രപത്രത്തിൽ കരാർ ഉടമ്പടി വെക്കേണ്ടതും 01.06.2024 മുതൽ തന്നെ വാഹനം ഓടിക്കുവാൻ തയ്യാറാവുകയും വേണം. ദർഘാസിനൊപ്പം സമർപ്പിച്ച ആർ.സി. ബുക്ക്, ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് എന്നീ രേഖകളിൽ പറഞ്ഞിരിക്കുന്ന വാഹനങ്ങൾ മാത്രമേ നിർബന്ധമായും യാത്രാ ആവശ്യങ്ങൾക്കായി സർവകലാശാലയിൽ ഓടിക്കുവാൻ അനുവദിക്കുകയുള്ളൂ. സർവകലാശാലയുടെ അനുവാദമില്ലാതെ കരാറിൽ പറയാത്ത വാഹനങ്ങൾ ഉപയോഗിക്കുന്ന പക്ഷം ഉടമ/ഏജൻസിയുമായുള്ള കരാർ നിരുപാധികം റദ്ദു ചെയ്യുന്നതായിരിക്കും.

**'വാഹനത്തിന്റെ ദർഘാസ്'** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ദർഘാസ് അനുവദിച്ചു കിട്ടുകയാണെങ്കിൽ **01.06.2024** മുതൽ വാഹനം സർവകലാശാല നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി ഓടിക്കുവാൻ തയ്യാറാണെന്നുള്ള പ്രസ്താവന ദർഘാസിനൊപ്പം വയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230, 9188023237 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല തിരൂർ മലപ്പുറം

രജിസ്ട്രാർ ഇൻ-ചാർജ്ജ്

വി.സി. കാര്യാലയം/മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/തിരൂർ മുനിസിപ്പാലിറ്റി/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ/കരുതൽ രേഖ/പത്രക്കുറിപ്പ്